(2) സഹകരണ സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ നടത്തുന്ന നിയമസഭാ മാർച്ച്

ശ്രീ. എ. കണാരൻ : സർ, കേരള കോ-ഓപ്പറേറ്റീവ് സർവീസ് പെൻഷനേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ഈ നിയമസഭയിലേക്ക് ഒരു മാർച്ച് നടക്കുകയാണ്. ഇതേ സമയംതന്നെ ജില്ലാ എംപ്ലോയീസ് ഫെഡറേഷന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു മുന്നിൽ ഒരു ധർണ്ണയും നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ സഹകരണ മേഖല ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് അഭിമാനാർഹമായ വളർച്ച നേടിയിട്ടുണ്ട്. അതിനു യാതൊരു തർക്കവുമില്ല. ഇടതുപക്ഷ ശക്തികളുടെ സംഘടനാ പാടവവും അർപ്പണ മനോഭാവവുമാണ് സഹകരണ പ്രസ്ഥാനത്തിന്റെ ഈ വളർച്ചയ്ക്ക് നിദാനമായതെന്നുള്ളത് അഭിമാനാർഹമായ കാര്യമാണ്. എന്നാൽ ഇന്നത്തെ വളർച്ചയ്ക്ക് കാരണക്കാരായി ഇതിനുവേണ്ടി പ്രവർത്തിച്ച് വിയർപ്പൊഴുക്കിയ ജീവനക്കാരുടെ പെൻഷൻ പദ്ധതിയിൽ നിരവധി അപാകതകൾ കടന്നുകൂടിയിട്ടുണ്ട്. സഹകരണ ജീവനക്കാർക്ക് രണ്ടുതരത്തിലുള്ള പെൻഷൻ പദ്ധതിയാണ് ഇപ്പോഴുള്ളത്. ക്രെഡിറ്റ് സൊസൈറ്റികളിലെ ജീവനക്കാർക്ക് പെൻഷനുണ്ട്. നോൺ-ക്രെഡിറ്റ് സൊസൈറ്റി ജീവനക്കാർക്ക് ഇന്ന് ഈ അവകാശം കിട്ടുന്നില്ല. ഇതൊരു തെറ്റായ നടപടിയാണ്. ഒരു വിഭാഗത്തിനു മുന്തിയ തോതിൽ ആനുകൂല്യം നൽകുമ്പോൾ ഒരു വിഭാഗത്തിനു ന്യായമായി ലഭിക്കുന്നില്ല. ഇതു നീതിരഹിതമാണ്. വിവേചനമാണ്. ഇതിനു മാറ്റംവേണം. ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി പരിഹാരം കാണുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. 1993 ജൂൺ മാസത്തിനു മുൻപ് പിരിഞ്ഞുപോയ ജീവനക്കാർക്കും പെൻഷൻ ആനുകൂല്യം ലഭിക്കുന്നില്ല. 1993-നുശേഷം പിരിഞ്ഞുപോയ ജീവനക്കാർക്ക് രണ്ടുതരത്തിലുള്ള വിവേചനപരമായ പെൻഷൻ പദ്ധതിയാണ് ഇന്നുള്ളത്. 80-ാം വകുപ്പ് പരിഷ്ക്കരിച്ച് നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം പെൻഷൻ വാങ്ങുന്നു. 1993-നു മുൻപ് പിരിഞ്ഞവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല. ആയതിനാൽ പ്രൈമറി മേഖലയിൽ നിലവിലുള്ള പെൻഷൻ പദ്ധതി 1974 കാലയളവു മുതൽ പെൻഷൻപ്പറ്റി പിരിഞ്ഞ മുഴുവൻ ജീവനക്കാർക്കും ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ, വിവേചനം കൂടാതെ നല്കണമെന്ന് മാത്രമല്ല ക്രെഡിറ്റ് സൊസൈറ്റി ജീവനക്കാർക്ക് മാത്രം ലഭിക്കുന്ന പെൻഷൻ ആനുകൂല്യം നോൺ-ക്രെഡിറ്റ് സൊസൈറ്റി ജീവനക്കാർക്കും നല്കണം. ഇതിനുപുറമേ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തിനു അടിത്തറ നല്കുന്ന സംസ്ഥാന സഹകരണ മേഖലയിലെയും ജില്ലാ സഹകരണ മേഖലയിലെയും പ്രാഥമിക സഹകരണ മേഖലയിലെയും ജീവനക്കാർക്ക് ഈ പെൻഷൻ നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹു:മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, 3.6.1993 മുതൽ പ്രാബല്യം നൽകി 1995 മാർച്ച് മുതലാണ് സഹകരണ ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇപ്പോൾ ഈ പദ്ധതി സഹകരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംഘങ്ങൾക്ക് ആണ് ബാധകമാക്കിയിട്ടുള്ളത്. ഇതൊരു സ്വാശ്രയപദ്ധതിയാണ്. ജീവനക്കാർക്കുവേണ്ടി സംഘങ്ങൾ അടയ്ക്കുന്ന പെൻഷൻ കോൺട്രിബ്യൂഷൻ മാത്രം വിനിയോഗിച്ചാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പെൻഷൻ ബോർഡിന്റെ കൈവശമുള്ള പെൻഷൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് ഈ പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി മാത്രമേ ഈ പദ്ധതിക്ക് മാറ്റം വരുത്തുന്ന കാര്യം ആലോചിക്കാനാകൂ. 3.6.93-ന് മുൻപ് റിട്ടയർ ചെയ്തവർക്കുകൂടി പെൻഷൻ നൽകുന്ന കാര്യം തത്വത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഇതു നടപ്പിൽ വരുത്തുന്നതാണ്. മറ്റു വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സഹകരണസംഘങ്ങളിലെ ജീവനക്കാർക്കുകൂടി പെൻഷൻ നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ അനുഭാവപൂർവ്വം പരിശോധിച്ചുവരികയാണ്. ഇപ്പോഴത്തെ ഭേദഗതിക്ക് പെൻഷൻ ബോർഡ് ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. മിനിമം പെൻഷൻ, ഫാമിലി പെൻഷൻ, പെൻഷൻ കമ്മ്യൂട്ടേഷൻ, സേവനകാലം ഇവയിലെ മാറ്റങ്ങളുൾപ്പെടെയുള്ള ഈ നിർദ്ദേശങ്ങളുടെ വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. വിശദമായ പരിശോധനയ്ക്കുശേഷം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യും. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിന്റെ പെൻഷൻ പദ്ധതിയിൽ വരുന്ന സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്കായി ഒരു പ്രത്യേക പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കാൻ നിയോഗിക്കപ്പെട്ട രണ്ടു കമ്മിഷനുകളുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒരു കരട് പെൻഷൻ പദ്ധതിക്ക് ബോർഡ് രൂപം നൽകിക്കഴിഞ്ഞിട്ടുണ്ട്. നാളിതുവരെയുള്ള മാനേജ്മെന്റ് വിഹിതം ഈ പദ്ധതിയിലേയ്ക്ക് മാറ്റിത്തന്നുകൊണ്ട് ഈ പദ്ധതി പി.എഫ്. കമ്മീഷണർ അംഗീകരിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. ഇതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ഇന്ന് എത്ര സബ്മിഷനുണ്ടെന്ന് എനിക്കുപോലും അറിയില്ല. അത്രമാത്രമുണ്ട്. അതുകൊണ്ട് ഒരു വാക്കിൽ കാര്യങ്ങൾ പറയുക. ഒരു വാക്കിൽ പറയാമെങ്കിൽ നമുക്കു കാര്യങ്ങൾ നടത്താം.

(3) പൂട്ടിക്കിടക്കുന്ന കേരളാ പ്രിമോപൈപ്പ് ഫാക്ടറിയുടെ സ്ഥലവും കെട്ടിടവും വിദ്യുച്ഛക്തി ബോർഡ് ഏറ്റെടുക്കണമെന്ന ആവശ്യം

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, 1981 അവസാനത്തിൽ ആരംഭിച്ചതാണ് കോഴിക്കോട്ടുള്ള പ്രിമോ പൈപ്പു ഫാക്ടറിയുടെ രണ്ടാമത്തെ യൂണിറ്റ്. ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ഈ യൂണിറ്റ് കഴിഞ്ഞ കുറച്ചു കാലങ്ങളായി ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിച്ചു. ഇപ്പോൾ ആ കെട്ടിടവും സ്ഥലവും വെറുതെ കിടക്കുകയാണ്. ചിലപ്പോൾ നാളെ കയ്യേറ്റമടക്കമുള്ള കാര്യങ്ങളുണ്ടാകും. ഇതിനൊരു പരിഹാരമാർഗ്ഗം വേണം. മാത്രമല്ല, കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ഇന്നാവശ്യമായ സിമന്റുപോസ്റ്റുകൾ ഇല്ലാത്തതുകൊണ്ട് പല സ്ഥലത്തും പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് വരുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തും ഇതിനുവേണ്ടി പ്രത്യേക പ്ലാൻ ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. അതുകൊണ്ട് പോസ്റ്റിന്റെ ലഭ്യത ആവശ്യമായി വന്നിരിക്കുന്നു. രണ്ടു ഡിപ്പാർട്ടുമെന്റുകൾ യോജിച്ച് ഇതെടുക്കുകയാണെങ്കിൽ പുതിയ സിമന്റ് പോസ്റ്റ് ഉണ്ടാക്കാനുള്ള ഒരു യൂണിറ്റായി മാറ്റാൻ കഴിയും. ഗവൺമെന്റ് കൈവശമുള്ള സ്ഥലം അന്യാധീനപ്പെട്ടുപോകുന്ന സ്ഥിതി ഉണ്ടാകരുത്. അതുകൊണ്ട് വൈദ്യുതിബോർഡ് ഈ കാര്യത്തിൽ മുൻകൈയെടുത്ത് ഇറിഗേഷൻ വകുപ്പുമായി ആലോചിച്ച് ഒരു തീരുമാനമെടുക്കണം, അതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കോഴിക്കോട് സർക്കിളിലേയ്ക്കാവശ്യമായ സിമന്റ് പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് ഇപ്പോൾ ചില സംവിധാനങ്ങൾ അവിടെ നിലവിലുണ്ട്. പക്ഷേ പട്ടണത്തോട് ചേർന്നുകൊണ്ട് കൂടുതൽ സൗകര്യപ്രദമായ വിധത്തിൽ പോസ്റ്റുകൾ നിർമ്മിക്കുന്നതിന് കോഴിക്കോടുള്ള പ്രിമോ പൈപ്പു ഫാക്ടറിയുടെ സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly